## കാലവർഷക്കെടുതി

# തൊഴുത്തിലേക്ക് തിരിച്ചു പോകുമ്പോൾ ശ്രദ്ധിക്കാം


*തയ്യാറാക്കിയത്:*

ഡോ. രതീഷ് ആർ. എൽ.
ഡോ. കെ. വിനോദ്കുമാർ
ഡോ. ബിപിൻ കെ. സി.
ഡോ. പ്രദീപ് എം.
ഡോ. ജിനേഷ് കുമാർ



കേരളാ വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്
സർവ്വകലാശാല, പൂക്കോട്

**തൊഴുത്തിലേക്ക് പ്രവേശിക്കുമ്പോൾ**

- തൊഴുത്തിന് സംഭവിച്ച കേടുപാടുകൾ മനസ്സിലാക്കുക. ഇവിടെ ഉരുക്കളെ തുടർന്നും പാർപ്പിക്കുമ്പോൾ തൊഴുത്ത് തകർന്നു വീഴാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കുക. വൈദ്യുതബന്ധം ഉണ്ടെങ്കിൽ തൊഴുത്തിലേക്കുള്ള ഫ്യൂസ് മാറ്റിയതിനു ശേഷം മാത്രം പ്രവേശിക്കുക
- തൊഴുത്തിനുള്ളിൽ പുറത്തേക്ക് തള്ളി നിൽക്കുന്നതും , മൂർച്ചയുള്ളതുമായ ഭാഗങ്ങൾ ഒഴിവാക്കുക
- തൊഴുത്തിലെ ചാണകവും, ചെളിയും ആദ്യമേ ഒഴിവാക്കുക
- തൊഴുത്തിൻറെ തറയുടെ വഴുക്കൽ മാറ്റിയതിനു ശേഷം മാത്രം മൃഗങ്ങളെ തൊഴുത്തിലേക്ക് കടത്തുക. ബ്ലീച്ചിങ് പൌഡർ അല്ലെങ്കിൽ കുമ്മായം വിതറി 12 മണിക്കൂറിനു ശേഷം കഴുകിക്കളയുന്നത് വഴുക്കൽ കുറക്കാൻ സഹായിക്കും. റബ്ബർ മാറ്റുകൾ ലഭ്യമാണെങ്കിൽ അവ തറയിൽ ഇട്ടു കൊടുക്കുന്നത് നല്ലതാണ്
- തൊഴുത്തിന് ചുറ്റും വെള്ളം കെട്ടി നിൽക്കുന്നുണ്ടെങ്കിൽ അത് ഒഴുക്കിക്കളയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക

**തൊഴുത്ത് വൃത്തിയാക്കുമ്പോൾ**

- തൊഴുത്ത് വൃത്തിയാക്കുമ്പോൾ റബ്ബർ കയ്യുറകളും , ഗം ബൂട്ടുകളും , മുഖത്തണിയുന്ന മാസ്കുകളും ധരിക്കേണ്ടതാണ്. മുഖാവരണം ലഭ്യമായില്ലെങ്കിൽ തോർത്ത് ഉപയോഗിച്ച് മൂക്കും, വായും അടച്ച് കെട്ടാവുന്ന താണ്
- നിലവും, ചുമരും കഴുകി വൃത്തിയാക്കിയ ശേഷം ബ്ലീച്ചിങ് പൌഡർ ലായനി തളിക്കേണ്ടതാണ്
- വൃത്തിയാക്കിയ ശേഷം ചുമരുകൾ വെള്ള പൂശുന്നത് നല്ലതാണ്
- തൊഴുത്തിലേക്ക് കയറുന്നതിന് മുൻപും ശേഷവും 1 : 1000 പൊട്ടാസിയം പെർമാൻഗനേറ്റ് ലായനിയിൽ കാലുകൾ മുക്കുക (വെള്ളം ഇളം പിങ്ക് നിറം വരുന്ന തരത്തിൽ ഒരു നുള്ള് പൊട്ടാസിയം പെർ മാൻഗനേറ്റ് ചേർത്താൽ മതി യാകും)

**ചാണകക്കുഴി**

- ചാണകക്കുഴിയിൽ വെള്ളം കെട്ടിനിൽക്കുന്നുണ്ടെങ്കിൽ അത് ഒഴുക്കിക്കളയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക
- ചാണകക്കുഴിയിലെ ഈർപ്പം കുറയ്ക്കുന്നതിനായി കുഴിയിൽ 8 ഇഞ്ച് കനത്തിൽ ഇലകൾ നിരത്തി അതിനു മുകളിൽ ബ്ലീച്ചിങ് പൌഡർ വിതറുന്നത് സഹായകരമാകും
- ഈച്ച, കൊതുക് തുടങ്ങിയവയുടെ ശല്യം കുറക്കാൻ മണ്ണെണ്ണയോ , ഡീസലോ വെള്ളം കെട്ടി നിൽക്കുന്നയിടങ്ങളിൽ തളിക്കുക

**ഭക്ഷണം, വെള്ളം**

- ഉരുക്കൾക്ക് ശുദ്ധജലം തന്നെ നൽകണം
- കിണറുകളും, കെട്ടിക്കിടക്കുന്ന വെള്ളമുള്ള ജലസ്രോതസ്സുകളും ബ്ലീച്ചിങ് പൌഡർ ഉപയോഗിച്ചോ , വിദഗ്ധ നിർദ്ദേശപ്രകാരമുള്ള മറ്റ് അണുനാശിനി

കളുപയോഗിച്ചോ ശുദ്ധീകരിക്കുക. ഇതിനായി ഒരു ലിറ്റർ വെള്ളത്തിന് 2.5 ഗ്രാം ബ്ലീച്ചിങ് പൌഡർ എന്ന നിരക്കിൽ ഉപയോഗിക്കുക

- ഒച്ചുകൾ ഉള്ള ജലസ്രോതസ്സാണെങ്കിൽ വെള്ളം ഒരു ടാങ്കിലേക്ക് ശേഖരിച്ച ശേഷം ഒരു ദിവസം കഴിഞ്ഞ് ഉപയോഗിക്കാം
- വിശന്നിരിക്കുന്ന മൃഗങ്ങൾക്ക് പുല്ലോ , വൈക്കോലോ ഒന്നോ രണ്ടോ ദിവസം നൽകിയതിന് ശേഷം മാത്രമേ കാലിത്തീറ്റ പോലുള്ള സാന്ദ്ര ആഹാരങ്ങൾ നൽകാവൂ
- കാലിത്തീറ്റ തുടങ്ങിയ ആഹാരങ്ങൾ ഇളം ചൂടിൽ നൽകുക
- സാന്ദ്ര ആഹാരം നൽകിത്തുടങ്ങുമ്പോൾ ദിവസം 2 ടേബിൾ സ്പൂൺ വീതം അപ്പക്കാരം (സോഡാബൈകാർബ്) തീറ്റയിൽ ചേർത്ത് നൽകുന്നത് അഭികാ - മ്യമാണ്
- ഉത്പാദനക്ഷമതയും, രോഗപ്രതിരോധ ശക്തിയും ഉറപ്പുവരുത്തുന്നതിനായി ഗുണനിലവാരമുള്ള ധാതു ലവണ മിശ്രിതങ്ങൾ നൽകേണ്ടതാണ്

**മൃഗങ്ങളുടെ ആരോഗ്യം**

- ചെറിയ പശുക്കിടാങ്ങളെ ഒരു 60 W ഫിലമെൻറ് ബൾബിനു കീഴെ രാത്രിയിൽ നിർത്തുന്നത് നല്ലതാണ്
- കഴിവതും മൃഗങ്ങളെ ഈർപ്പമില്ലാത്തിടത്ത് നിർത്തുകയും , ഉണങ്ങിയ തുണി ഉപയോഗിച്ച് തോർത്തി കൊടുക്കുകയും ചെയ്യുക . നനഞ്ഞു കുതിർന്ന ആടുകളെ ഉണങ്ങിയ തുണി ഉപയോഗിച്ച് നന്നായി തുവർത്തിയെടുക്കണം. കൂട്ടിലേക്ക് മഴച്ചാറൽ അടിക്കാതെ ശ്രദ്ധിക്കുക
- ഉരുക്കളുടെ പുറത്ത് ചണച്ചാക്ക് കെട്ടി കൊടുക്കുന്നത് കമ്പിളി പുതപ്പിൻറെ ഗുണം ചെയ്യും
- തൊഴുത്തിനകത്ത് പുക പുകക്കുന്നത് കൊതുകും , മറ്റു കീടങ്ങളും മൂലമുള്ള ശല്യം കുറക്കുന്നതിന് സഹായിക്കും
- തുടർച്ചയായി വെള്ളത്തിൽ നിന്ന ഉരുക്കളെ ഉണങ്ങിയ സ്ഥലത്തേക്ക് മാറ്റി നിർത്തി കുളിപ്പിക്കുക. കാലുകളിലോ , കുളമ്പുകളിലോ മുറിവോ , പഴുപ്പോ, പുഴുബാധയോ ഉണ്ടോ എന്ന് ശ്രദ്ധിക്കണം
- കുളമ്പ് സംബന്ധമായ രോഗങ്ങൾ ഒഴിവാക്കുന്നതിന് ഉരുക്കളുടെ കാലുകൾ ആഴ്ചയിൽ രണ്ടു തവണയെങ്കിലും 5% തുരിശ് ലായനിയിൽ 20 മിനിറ്റ് നേരം മുക്കി വെക്കേണ്ടതാണ്
- ഈച്ച മുറിവുകളിൽ വന്നിരുന്ന് ഉണ്ടാകുന്ന പുഴു ബാധ ഒഴിവാക്കുന്നതിന് കാലുകളിൽ, കുളമ്പുകളോടു ചേർന്ന് , വേപ്പെണ്ണയോ , ഈച്ചയെ അകറ്റി നിർത്തുന്നതിനുള്ള ലേപനങ്ങളോ പുരട്ടാവുന്നതാണ്
- തീറ്റയെടുത്തു തുടങ്ങിയ ഉരുക്കൾക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള വിര മരുന്നുകൾ നൽകുക
- ബാഹ്യപരാദങ്ങൾ മൂലമുള്ള രോഗബാധകൾ തടയുന്നതിന് ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള ബാഹ്യപരാദ നാശിനികൾ ഉപയോഗിക്കേണ്ടതാണ്
- കുളമ്പുരോഗം രോഗം പടരാനുള്ള സാധ്യതയുള്ളതിനാൽ ഗോരക്ഷാ പദ്ധതി പ്രകാരം കുത്തിവെയ്പ് എടുത്തിട്ടില്ലാത്ത ഉരുക്കൾക്ക് എത്രയും പെട്ടെന്ന്

പ്രതിരോധ കുത്തിവെയ്പ് നൽകുക. വിവിധ മൃഗങ്ങൾക്ക് കുരലടപ്പൻ (ഹെമോറാജിക് സെപ്റ്റിസീമിയ) , ടെറ്റനസ്, ആട് വസന്ത , എൻററോടോക്സിമിയ തുടങ്ങിയ രോഗങ്ങൾക്കെതിരെ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെയ്പുകൾ നൽകേണ്ടതാണ്

- മഴക്കെടുതികൾക്ക് ശേഷം വളർത്തു മൃഗങ്ങളെ ബാധിക്കാൻ ഏറ്റവും സാദ്ധ്യതയുള്ള രണ്ട് രോഗങ്ങളാണ് അകിടു വീക്കവും , ശ്വാസകോശ സംബന്ധമായ രോഗങ്ങളും. ഇവയുടെ ലക്ഷണങ്ങൾ പ്രകടമാകുന്നുണ്ടോ എന്നറിയുന്നതിനായി അടുത്ത രണ്ടാഴ്ച ജാഗരൂകരായിരിക്കുക
- അടുത്ത ഏതാനും ദിവസങ്ങളിൽ മൃഗങ്ങൾക്ക് തീറ്റയോട് വിരക്തിയും , ഉത്പാദനക്കുറവും പ്രതീക്ഷിക്കാം. പനി , വിറയൽ, തീറ്റയോട് വിരക്തി എന്നീ ലക്ഷണങ്ങൾ സൂക്ഷിക്കുക. ഒരു ഡോക്ടറുടെ സേവനം തീർച്ചയായും ഉറപ്പു വരുത്തേണ്ടതാണ്
- അകിടിനും, പാലിനും വരുന്ന ഏതൊരു മാറ്റവും അകിടുവീക്കത്തിന്റെ സൂചനയാണ്. അകിടിൽ തടിപ്പ് , കല്ലിപ്പ്, ചൂട്, നിറം മാറ്റം , ഉത്പാദനത്തിൽ പെട്ടെന്നുള്ള കുറവ് , പാലിന്റെ നിറത്തിലും , കട്ടിയിലും ഉള്ള മാറ്റം , തിളപ്പിക്കുമ്പോൾ പിരിഞ്ഞു പോകൽ എന്നിവ പ്രകടമായ അകിടുവീക്ക ലക്ഷണങ്ങളാണ്. ഇത്തരം സാഹചര്യങ്ങളിൽ ഒട്ടും താമസിക്കാതെ ഒരു ഡോക്ടറുടെ സേവനം തേടേണ്ടതാണ്
- പ്രകടമായ ലക്ഷണങ്ങളില്ലെങ്കിൽ പോലും ആഴ്ചയിൽ ഒരിക്കലെങ്കിലും എല്ലാ പശുക്കളുടെയും പാൽ കാലിഫോർണിയ അകിടുവീക്ക നിർണ്ണയ പരിശോ ധനക്ക് ( CMT ടെസ്റ്റ്) വിധേയമാക്കണം. വളരെ ലളിതമായ ഈ പരിശോധന കർഷകർക്ക് തൊഴുത്തിൽ വെച്ചു തന്നെ ചെയ്യാവുന്നതാണ്

**അകിടുവീക്ക നിയന്ത്രണം**

- അകിടിൽ പാല് കെട്ടിക്കിടക്കാൻ ഒരു കാരണവശാലും അനുവദിക്കരുത്
- കറവക്കാർ നല്ല വ്യക്തിശുചിത്വം പാലിക്കേണ്ടതാണ്. കറവക്ക് മുൻപും , ശേഷവും കയ്യുകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതാണ്
- അകിട് സദാ സമയവും വൃത്തിയായി സൂക്ഷിക്കണം
- കറവക്ക് മുൻപും , ശേഷവും അകിടും , മുലക്കാമ്പുകളും 1:1000 പൊട്ടാസിയം പെർമാൻഗനേറ്റ് ലായനിയി ഉപയോഗിച്ച് കഴുകേണ്ടതും , കറവക്ക് ശേഷം മുലക്കാമ്പുകൾ പോവിഡോൺ അയഡിൻ ലായനിയിൽ മുക്കേണ്ടതുമാണ്
- സോഡിയം സിട്രേറ്റ് 2 ടേബിൾ സ്പൂൺ വീതം ദിവസവും തീറ്റയോടൊപ്പം നൽകുന്നതും, ഗുണനിലവാരമുള്ള ധാതു ലവണ മിശ്രിതങ്ങൾ നൽകുന്നതും അകിടുവീക്കം ഉണ്ടാകുന്നതിനുള്ള സാധ്യതകൾ കുറയ്ക്കും

---

*സംശയനിവാരണങ്ങൾക്ക് സമീപത്തെ മൃഗാശുപത്രികളെയോ , വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളെയോ സമീപിക്കുക*